**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**<u>പ്രധാൻ മന്ത്രി ആവാസ് യോജന</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2968

13-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബി.സത്യൻ**<br>**ശ്രീ. ഒ. ആർ. കേളു**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ. എം. നൗഷാദ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്നു വെളിപ്പെടുത്തുമോ; | (എ) | 2016-17 സാമ്പത്തിക വർഷം മുതൽ പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും ഓരോ വീടിനും എത്ര രൂപയാണ് ധനസഹായം നൽകി വരുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | പി.എം.എ.വൈ (ജി) പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് 1,20,000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നു. ടി തുക ഉപയോഗിച്ച് സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാർ ലൈഫ് പദ്ധതിക്ക് നൽകുന്ന അതേ നിരക്കിൽ പി.എം.എ.വൈ. (ജി) ഭവന പദ്ധതിയുടെയും യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ ജനറൽ/പട്ടികജാതി വിഭാഗങ്ങൾക്കും യഥാർത്ഥ എസ്റ്റിമേറ്റ് തുക പട്ടിക വർഗ്ഗം വിഭാഗങ്ങൾക്കും നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | ഓരോ വീടിനുമുള്ള ധന സഹായത്തിന് പുറമേ , ഗുണഭോക്താക്കൾക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 90 | (സി) | ഉണ്ട്. പി.എം.എ.വൈ. (ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായത്തിന് പുറമേ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ദേശീയ |

| | | | |
|---|---|---|---|
| | ദിവസത്തെ അവിദഗ്ദ്ധ തൊഴിലും നൽകുന്നുണ്ടോ; വിശദാംശം നൽകുമോ: | | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം പട്ടിക ജാതി- പട്ടിക വർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് എത്ര രൂപയാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ : | (ഡി) | പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 1,20,000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നു. |
| (ഇ) | 2017 - 18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളാണ് അനുവദിച്ചിരുന്നതെന്നും പി. എം. എ. വൈ.യിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (ഇ) | 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് 9872 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. പി.എം.എ.വൈ. (ജി) പദ്ധതിയിൽ സംസ്ഥാനത്തിന് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വീടുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**